ഉത്തരം

(എ) അഗളി, പുതൂർ, ഷോളയാർ എന്നീ ആദിവാസി പ്രദേശങ്ങളിൽ ശുദ്ധജലവിതരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 1979-80 വർഷത്തിൽ അഗളിയിൽ 5 ഊരുക്കളിൽ ശുദ്ധജലവിതരണ നടപടികളും പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

(സി) ഇതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്കുള്ള പ്രൊമോഷൻ

929 [1471] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-ൽ ഹെൽത്ത് അസിസ്റ്റന്റ് തസ്തികയിൽനിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ച മലബാർ പ്രദേശത്തുള്ളവർക്കു ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിലേക്ക് പ്രൊമോഷൻ നൽകാതിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗത്തിൽ പെടുന്നവർ ഇന്ന് മലബാർ പ്രദേശത്ത് എത്രപേർ ഉണ്ട്;

(സി) ഇവരുടെ ജൂനിയേഴ്സിനു പ്രൊമോഷൻ നൽകിയിട്ടും ഇവർക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്ക് പ്രൊമോഷൻ നൽകാതിരിക്കുവാൻ കാരണമെന്ത്?

ഉത്തരം

(എ) 16-4-1963 വരെ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകിയവരെ മാത്രമേ ഇതുവരെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രൊമോട്ട് ചെയ്തിട്ടുള്ളു. സീനിയോറിറ്റി അനുസരിച്ച്, 1967-ൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രൊമോട്ടു ചെയ്തിട്ടുള്ളവർക്കു ഒന്നാം ഗ്രേഡിലേക്ക് പ്രൊമോഷൻ കിട്ടാറായിട്ടില്ല.

(ബി) 36 പേർ

(സി) മേൽ എ വിഭാഗം ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെന്റ് ആയുർവേദ ആശുപത്രി കെട്ടിടം

930 [1472] ശ്രീ. പി. സീതി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലേംപ്ര ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ചേലേംപ്ര പഞ്ചായത്ത് എന്തെല്ലാം വാഗ്ദാനം നൽകി.

(ബി) ഗവൺമെന്റ് ഇതിൽ എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly